പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1117 12/03/2015 ൽ മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ. അസീസ്:<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) | സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സാമ്പത്തിക വർഷം ഒട്ടേറെ സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ എസ്.എസ്.എ ഫണ്ട് ഉപയോഗിച്ച് ഹെഡ്മാസ്റ്റർ റൂമുകൾ, അഡീഷണൽ ക്ലാസ് റൂമുകൾ, പുതിയ സ്കൂൾ കെട്ടിടം, മേജർ റിപ്പയർ കോമ്പൗണ്ട് വാൾ, കുടിവെള്ള സൗകര്യം, ടോയ്‌ലറ്റുകളുടെ നിർമ്മാണം, ഡിസ് ഫങ്ഷണൽ ടോയ്‌ലറ്റുകളുടെ റിപ്പയറുകൾ, അഡാപ്റ്റഡ് ടോയ്‌ലറ്റുകൾ, ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. ആർ.എം.എസ്.എ ഫണ്ടിൽ നിന്നും സർക്കാർ സ്കൂളുകളുടെ അറ്റകുറ്റ പണികൾക്കായി കഴിഞ്ഞ അഞ്ച് വർഷവും സ്കൂൾ ഒന്നിന് 25000 രൂപ വീതവും സ്കൂൾ ഗ്രാന്റായി 50000 രൂപയും നൽകിയിട്ടുണ്ട്. |
| ബി) വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (ബി) | വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ പാഠ്യ പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. പുതിയ പാഠ്യ പദ്ധതി കലാപഠനത്തിനും കായികപഠനത്തിനും കൂടെ പ്രാധാന്യം നൽകിയിട്ടുണ്ട്. അദ്ധ്യാപകർക്കായി വിവിധ പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനായുള്ള പരിശീലനവും നൽകിയിട്ടുണ്ട്. അക്കാദമിക് തല മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Padmakumari

സെക്ഷൻ ഓഫീസർ